**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 598** **05-10-2021 - ൽ മറുപടിയ്ക്ക്**

**കോട്ടയം ടെക്സ്റ്റയിൽസ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ടെക്സ്റ്റയിൽസ് എത്രയും വേഗം തുറന്ന് പ്രവർത്തിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷന്റെ ഒരു യൂണിറ്റായ കോട്ടയം ടെക്സ്റ്റയിൽസ് എത്രയും വേഗം തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | കോട്ടയം ടെക്സ്റ്റയിൽസ് ആധുനിക നിലവാരത്തിൽ നവീകരിക്കുന്നതിനും എത്രയും വേഗം തുറന്നു പ്രവർത്തിപ്പിക്കുവാനും ഉപകരിക്കുന്ന വിധത്തിൽ 10 കോടി രൂപ അനുവദിക്കണമെന്ന തൊഴിലാളി യൂണിയനുകളുടെ ആവശ്യം സർക്കാർ അംഗീകരിക്കുമോ; | (ബി) | ഇതു സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല. |
| (സി) | സ്ഥാപനത്തിന്റെ വൈദ്യുതി കുടിശ്ശിക, പി.എഫ്. കുടിശ്ശിക, ഇ.എസ്.ഐ. , ഗ്രാറ്റുവിറ്റി, സൊസൈറ്റി കുടിശ്ശിക, തൊഴിലാളികൾക്കുള്ള ശമ്പള കുടിശ്ശിക എന്നിവ എത്രയാണെന്ന് വിശദമാക്കാമോ; | (സി) | കോട്ടയം ടെക്സ്റ്റയിൽസിന്റെ നിലവിലെ വൈദ്യുതി കുടിശ്ശിക, പി.എഫ്.കുടിശ്ശിക, ഇ.എസ്.ഐ, ഗ്രാറ്റുവിറ്റി, സൊസൈറ്റി കുടിശ്ശിക, തൊഴിലാളികൾക്കുള്ള ശമ്പള കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു. വൈദ്യുതി കുടിശ്ശിക - 462.71 ലക്ഷം രൂപ പി.എഫ്.കുടിശ്ശിക - 232.79 ലക്ഷം രൂപ ഇ.എസ്.ഐ - 54.21 ലക്ഷം രൂപ ഗ്രാറ്റുവിറ്റി - 55.01 ലക്ഷം രൂപ സൊസൈറ്റി കുടിശ്ശിക- 41.79 ലക്ഷം രൂപ തൊഴിലാളികൾക്കുള്ള ശമ്പള കുടിശ്ശിക - 225.47 ലക്ഷം രൂപ |
| (ഡി) | രണ്ടു വർഷക്കാലമായി അടച്ചിട്ടിരിക്കുന്ന കോട്ടയം ടെക്സ്റ്റയിൽസ് തൊഴിലാളികൾക്ക് ഈ ഓണക്കാലത്ത് യാതൊരുവിധ സഹായങ്ങളും ലഭിച്ചിട്ടില്ലാത്തതിനാൽ ശമ്പളകുടിശ്ശികയെങ്കിലും നൽകാൻ തയ്യാറാകുമോ; | (ഡി) | ഇക്കഴിഞ്ഞ ഓണക്കാലത്ത് കോട്ടയം ടെക്സ്റ്റയിൽസിലെ ജീവനക്കാർക്ക് ബോണസ്, സ്പെഷ്യൽ ഫെസ്റ്റിവൽ അലവൻസ്, അറ്റൻഡൻസ് ഇൻസെന്റീവ് എന്നീ ഇനങ്ങളിലായി 13,09,665/- രൂപ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ശമ്പള കുടിശ്ശികയിനത്തിൽ 2019 ഡിസംബർ മാസത്തെ 11,35,445 രൂപയും ഓണക്കാലത്ത് നൽകി യിരുന്നു. |
| (ഇ) | എന്തെല്ലാം പ്രതിബന്ധങ്ങളാണ് കമ്പനി തുറക്കുന്നതിന് പുതുതായി ഉണ്ടായിരിക്കുന്നതെന്ന് | (ഇ) | (1) 90% ന് മുകളിൽ പ്രവർത്തനക്ഷമത കൈവരിക്കുന്നതിന് വേണ്ടി എല്ലാ വിഭാഗം |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ; | | തൊഴിലാളികളെയും (സ്ത്രീ തൊഴിലാളികൾ ഉൾപ്പെടെ) ഉൾപ്പെടുത്തി മൂന്ന് ഷിഫ്റ്റും പ്രവർത്തിപ്പിച്ചാൽ മാത്രമേ മിൽ ലാഭകരമായി മുന്നോട്ട് കൊണ്ടുപോകുവാൻ സാധിക്കുകയുള്ളൂ. (2) മൂന്നു ഷിഫ്റ്റിലും ജോലിക്കു ഹാജരാകേണ്ട ജീവനക്കാരുടെ കരട് ഷിഫ്റ്റ് ക്രമം കോർപ്പറേഷൻ പ്രസിദ്ധീകരിച്ചിരുന്നു. ഇതിനെതിരെ മില്ലിലെ 27 സ്ത്രീ തൊഴിലാളികൾ ബഹു.കേരള ഹൈക്കോടതിയിൽ W.P.(C) No.2826/2021 നമ്പരായി ഫയൽ ചെയ്ത കേസിൽ പരാതിക്കാരായ 27 സ്ത്രീ തൊഴിലാളികളെ രാത്രി ഷിഫ്റ്റിൽ ജോലിക്ക് നിയോഗിക്കുന്നത് സ്റ്റേ ചെയ്തു കൊണ്ട് ബഹു. ഹൈക്കോടതിയുടെ സിംഗിൾ ബെഞ്ച് ഉത്തരവായതും മിൽ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് തടസ്സം ഉണ്ടാക്കിയിട്ടുണ്ട്. സിംഗിൾ ബെഞ്ച് വിധിക്കെതിരെ കോട്ടയം ടെക്സ്റ്റയിൽസ് മാനേജ്മെന്റ് ഡിവിഷൻ ബെഞ്ചിൽ അപ്പീൽ കൊടുക്കുകയും ആയത് ബഹു. ഹൈക്കോടതി മീഡിയേഷന് വിടുകയും ചെയ്തു. മീഡിയേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. തൊഴിലാളികൾ മൂന്നു ഷിഫ്റ്റിലും ജോലി ചെയ്യാൻ തയ്യാറായാൽ കമ്പനി തുറന്നു പ്രവർത്തിപ്പിക്കാൻ കഴിയുന്നതാണ്. |
| (എഫ്) | കോട്ടയം ടെക്സ്റ്റയിൽസിന്റെ 23 ഏക്കർ സ്ഥലത്തു കമ്പനിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനൊപ്പം വ്യവസായ വകുപ്പിന് കീഴിൽ വരുന്ന ഐ. ടി പാർക്ക് പോലുള്ള പൊതു സംരംഭങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (എഫ്) | കോട്ടയം ടെക്സ്റ്റയിൽസിന്റെ സമ്പൂർണ്ണ നവീകരണത്തിനായി വിശദമായ പദ്ധതി രൂപരേഖ റിയാബ് മുഖേന തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ